STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.352/PR/SPMC/PHQ/2025 Date:29.10.2025

## ഐക്യത്തിനായുള്ള കൂട്ടയോട്ടം ഒക്ടോബർ 31ന്

സർദാർ വല്ലഭായി പട്ടേലിന്റെ ജന്മവാർഷിക ദിനമായ ഒക്ടോബർ 31ന് രാഷ്ട്രീയ ഏകതാ ദിവസ് (ദേശീയ ഐക്യ ദിനം) ആയി ദേശവ്യാപകമായി ആചരിക്കുന്നതിന്റെ ഭാഗമായി കേരള പോലീസ് സംസ്ഥാനത്തുടനീളം റൺ ഫോർ യൂണിറ്റി (ഐക്യത്തിനായുള്ള കൂട്ടയോട്ടം) സംഘടിപ്പിക്കുന്നു.

സർദാർ വല്ലഭായി പട്ടേലിന്റെ ഒരൊറ്റ ഭാരതം എന്ന ആശയത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും സുരക്ഷയും ഉറപ്പാക്കുന്നതിനുള്ള പ്രതിബദ്ധത പൊതുജനങ്ങളിൽ ഊട്ടിയുറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ കൂട്ടയോട്ടം സംഘടിപ്പിക്കുന്നത്.

ഒക്ടോബർ 31ന് രാവിലെ സംസ്ഥാനത്തുടനീളം ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ പോലീസ്, ഫയർ & റെസ്ക്യു സർവ്വീസസ് എന്നിവയിൽ നിന്നുമുള്ള ഉദ്യോഗസ്ഥർ, മറ്റു സേന വിഭാഗങ്ങൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, പൗരപ്രമുഖർ, സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളിൽ നിന്നുള്ളവർ രാജ്യത്തിന്റെ അഖണ്ഡതയും സൗഹൃദവും ഉയർത്തിപ്പിടിച്ചുകൊണ്ട് കൂട്ടയോട്ടത്തിൽ പങ്കാളികളാവും.

ദേശീയോദ്ഗ്രഥനത്തിന്റെ പ്രാധാന്യം എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുന്നതിനും രാജ്യസുരക്ഷ ഉറപ്പാക്കുന്നതിൽ ഓരോ പൗരനും വഹിക്കേണ്ട പങ്കിനെക്കുറിച്ച് അവബോധം നൽകുന്നതിനും ഈ പരിപാടി സഹായകമാകും. ഐക്യത്തിനായുള്ള കൂട്ടയോട്ടത്തിൽ പങ്കാളികളാകാൻ ഏവരേയും ക്ഷണിക്കുന്നു.

******************************